"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ 2189/2022 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2417/2023/LSGD തീയതി,തിരുവനന്തപുരം, 05-12-2023

പരാമർശം:-

1. ശ്രീ. സൂരജ് ചന്ദ്രൻ സമർപ്പിച്ച 07.12.2022ലെ അപ്പീൽ അപേക്ഷ(അനക്ഷർ എ10)
2. ശ്രീ. സൂരജ് ചന്ദ്രൻ സമർപ്പിച്ച 17.12.2022ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ11)
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ 2189/2022 നമ്പർ കേസിലെ 21.12.2022 അന്തിമ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.04.2023ലെ എൽ എസ് ജിഡി/466/2023-ഡിഇസി 1 നമ്പർ കത്ത്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023ലെ LSGD/PD/1224/2023-PART 1 DED 1 നമ്പർ ഉത്തരവ്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2023ലെ എൽ എസ് ജിഡി/466/2023-ഡിഇസി 1 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണവകുപ്പിൽ, ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും രാജക്കാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ സീനിയർ ക്ലർക്ക് ശ്രീ. സൂരജ് ചന്ദ്രൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ 2189/2022 കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം ( 3 ) പ്രകാരമുള്ള ഉത്തരവിൽ, ഹർജി കക്ഷിയുടെ പരാമർശം (1) , (2) പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ പരിശോധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭ്യമായി 2 മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശംനൽകിയിരുന്നു.

2 . ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലി ചെയ്തു വരവേ ആണ് പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചതെന്നും ഈ സമയം രോഗാവസ്ഥയിലായ മാതാവിന്റെ ആശുപത്രി വാസവും തുടർന്ന് മാതാവ് മരണപ്പെട്ടതിനാലും യഥാസമയം അപേക്ഷ സമർപ്പിക്കാൻ സാധിച്ചിരുന്നില്ല എന്നും, കരട് സ്ഥലംമാറ്റ പട്ടികയിൽ രാജകുമാരി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയതിനെതിരെ അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ അന്തിമ സ്ഥലംമാറ്റ പട്ടിക പ്രകാരം രാജക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്കാണ് നിയമനം ലഭിച്ചതെന്നും, പ്രസ്തുത സ്റ്റേഷൻ വാസസ്ഥലത്ത് നിന്നും 9 5 കി.മീ അകലെയാണെന്നും ടിയാനെക്കാൾ ജൂനിയറായവർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ പോലും സൗകര്യപ്രദമായ സ്റ്റേഷനുകൾ നിയമനം അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടറുടെ ഓഫിസിലോ, അടിമാലി ഗ്രാമപഞ്ചായത്ത് ഓഫീസിലോ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് പരാമർശം (1) അപേക്ഷ പ്രകാരമുള്ള ഹർജി കക്ഷിയുടെ ആവശ്യം.

3. മേൽ പ്രകാരമുള്ള ടിയാന്റെ അവകാശവാദം പരിഗണിക്കാതെ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലുണ്ടായിരുന്ന 4 ഒഴിവിലേയ്ക്കും അടിമാലി ഗ്രാമപഞ്ചായത്ത് ഓഫീസിലുണ്ടായിരുന്ന ഒരൊഴിവിലേയ്ക്കും നിയമനം നടത്തിയതായും , ഇപ്രകാരം നിയമിക്കപ്പെട്ട ശ്രീമതി പ്രതിഭ ജി ,ശ്രീമതി രമ്യ ജി, ശ്രീമതി രശ്മി കെ ആർ, ശ്രീമതി ബിൻസി ജോർജ്ജ് ശ്രീ. നാസർഷാ കെ എന്നീ ജീവനക്കാർ ടിയാനെക്കാൾ ജൂനിയറാണെന്നും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഉണ്ടായ മറ്റൊരു ഒഴിവിലേക്ക് ശ്രീ.സന്തോഷ് കെ പി യെയും മുട്ടം ഗ്രാമപഞ്ചായത്തിൽ ശ്രീമതി.പ്രിയ കെ തങ്കച്ചനെയും നിയമിച്ചു എന്നും ടിയാന്റെ യോഗ്യത പരിഗണിക്കാതെയുള്ള മേൽ ജീവനക്കാരുടെ നിയമനം നിയമ വിരുദ്ധമാണെന്നും ആയതിനാൽ ടിയാനെ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലോ, അടിമാലി ഗ്രാമപഞ്ചായത്ത് ഓഫീസിലോ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് പരാമർശം (2) പ്രകാരമുള്ള അപ്പീൽ അപേക്ഷയിൽ ഹർജികക്ഷിയായ ശ്രീ. സൂരജ്ചന്ദ്രൻ അഭ്യർത്ഥിച്ചിരുന്നത്.

4. പഞ്ചായത്ത് വകുപ്പിലെ 2022 ലെ പൊതുസ്ഥല‌ംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ഐ കെ എം വികസിപ്പിച്ച ഓൺലൈൻ ആപ്ലിക്കേഷനിലൂടെയാണ് നടത്തിയിട്ടുള്ളതെന്നും ഓൺലൈനായി പൊതുസ്ഥലമാറ്റ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 20/07/2022 ആയി നിശ്ചയിച്ചിരുന്നുവെന്നും ശ്രീ സൂരജ് ചന്ദ്രന്റെ അപേക്ഷയിൽ മാതാവിന്റെ രോഗവും തുടർന്നുണ്ടായ മരണവും കാരണം ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറഞ്ഞിരിക്കുന്നുവെങ്കിലും അറക്കുളം ഗ്രാമപഞ്ചായത്തിലെ ഓൺലൈൻ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ഓപ്പറേറ്ററായി നിശ്ചയിച്ചിരുന്നത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്കായിരുന്ന അപേക്ഷകനെയാണെന്നും ആയതു കൊണ്ടു തന്നെ ശ്രീ സൂരജ് ചന്ദ്രൻ-ന് ഓൺലൈൻ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട എല്ലാ സമയക്രമങ്ങളും നടപടികളും പരിചിതമായിരുന്നുവെന്നും അറക്കുളം ഗ്രാമപഞ്ചായത്തിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ 04/7/2022 മുതൽ 19/07/2022 വരെ ടിയാൻ പരിവർത്തിതാവധിയിലായിരുന്നുവെന്നും എന്നാൽ അവസാന തിയതിയായ 20/07/2022-ൽ ടിയാൻ ഓഫീസിൽ ഹാജരായിരുന്നു എന്നും എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലർക്ക് എന്ന നിലയിൽ ടിയാന്റെ വാദം ബന്ധപ്പെട്ട ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും നിരക്കുന്നതല്ല എന്ന് നിരീക്ഷിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പൊതുസ്ഥലംമാറ്റത്തിനുള്ള കരട് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ ഉചിതമായ സ്ഥലത്ത് നിയമനം ലഭിക്കാതിരുന്നപ്പോൾ മാത്രമാണ് ടിയാൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും , പൊതുസ്ഥലംമാറ്റത്തിനു അപേക്ഷിക്കാത്ത ജീവനക്കാർക്ക് സൗകര്യപ്രദമായ സ്റ്റേഷനുകളിൽ നിയമനം നൽകിയതായി ടിയാൻ പരാതിയിൽ പരാമർശിക്കുന്നത് പൊതുസ്ഥലംമാറ്റ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചശേഷം ഇടുക്കി ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ടായിരുന്ന 5 സീനിയർ ക്ലർക്ക് തസ്തികയിലേക്ക് പിന്നീട് പുറപ്പെടുവിച്ച സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരമുള്ള ഉദ്യോഗസ്ഥർക്ക് നിയമനം നൽകിയത് സംബന്ധിച്ചിട്ടുള്ളതാണെന്നും, ഈ സമയം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് ക്യൂ ലിസ്റ്റിൽ സിനിയർ ക്ലാർക്ക് അപേക്ഷകരായി ആരും ഇല്ലാതിരുന്നതിനാലാണ് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളതെന്നും, ആയതിൽ നിയമപരമായി പിശക് ഉണ്ടായിട്ടില്ലെന്നും, അടിമാലി ഗ്രാമപഞ്ചായത്തിൽ സസ്പെൻഷൻ മൂലമുണ്ടായ ഒഴിവ് ഓൺലൈൻ സ്ഥലംമാറ്റം പൂർത്തീകരിച്ച ശേഷമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും, ആയതിനാൽ ടിയാന്റെ വാദം നിലനിൽക്കുന്നതല്ലെന്നും ഓൺലൈനായി ടിയാൻ 20/09/2022ന് സമർപ്പിച്ച ആക്ഷേപത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്കോ അടിമാലി ഗ്രാമപഞ്ചായത്തിലേക്കോ നിയമിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടില്ലാത്തതാണെന്നും പൊതുസ്ഥലംമാറ്റ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചശേഷം ടി

ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ച അവസരത്തിലും ശ്രീ സുരജ് ചന്ദ്രൻ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതാണെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. കൂടാതെ, പരാമർശം (2) പരാതിയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരുടെ നിയമനങ്ങൾ സ്ഥലംമാറ്റങ്ങൾ ആയിരുന്നില്ല എന്നും, പൊതുസ്ഥലംമാറ്റത്തിന് ശേഷം ക്യൂ ലിസ്റ്റിന്റെ അഭാവത്തിൽ നിലനിന്നിരുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ നിയമിച്ചത് സ്വാഭാവിക നടപടി മാത്രമാണ് എന്നും, ശ്രീ. സന്തോഷ് .കെ. പി- യുടെ നിയമനം നിയമപരമായ നടപടിക്രമം മാത്രമാണ് എന്നും ശ്രീമതി പ്രിയ.കെ.തങ്കച്ചൻ ഓൺലൈൻ പൊതുസ്ഥലമാറ്റത്തിനായി മുട്ടം ഗ്രാമപഞ്ചായത്തിലേയ്ക്ക് ആദ്യ പരിഗണന സ്റ്റേഷൻ എന്ന നിലയ്ക്ക് അപേക്ഷിച്ചിരുന്നു എന്നും ശ്രീ സുരജ് ചന്ദ്രൻ പൊതുസ്ഥലംമാറ്റ അപേക്ഷ നൽകാത്ത ആളും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മേൽ ഓഫീസുകളിൽ യാതൊരുവിധ പരാതികളോ ആക്ഷേപങ്ങളോ ടി ഒഴിവുകൾ സംബന്ധിച്ച് ഉചിതമാർഗ്ഗേനയോ അല്ലാതയോ ഉന്നയിക്കാത്ത ആളും ടിയാന് യാതൊരു വിധ ക്ലെയിമുകളും ഇല്ലാത്തതും ടി ഒഴിവുകളിൽ യാതൊരു വിധ അവകാശ വാദങ്ങളും ഉന്നയിക്കാൻ നിയമപരമായി കഴിയാത്തതുമാണെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

6. പരാമർശം (5) പ്രകാരം ശ്രീ.സൂരജ് ചന്ദ്രനെ ടിയാന്റെ 6-ാമത്തെ ഓപ്ഷനായ എറണാകുളം ജില്ലയിലെ കീരംപാറ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ടെന്നും പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .ഓൺലൈൻ പൊതുസ്ഥലമാറ്റത്തിനുള്ള ഓപ്ഷൻ പ്രകാരമുള്ള സ്റ്റേഷനിലേയ്ക്ക് ശ്രീ.സൂരജ് ചന്ദ്രന് നിലവിൽ നിയമനം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ പരാമർശം (1) ,(2) പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിൻ പ്രകാരം ആയത് തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽ പ്രകാരം പരാമർശം (3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ശ്രീ.സൂരജ് ചന്ദ്രൻ , സീനിയർ ക്ലർക്ക് , കീരംപാറ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.1/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 05-12-2023 13:16:48
സെക്ഷൻ ഓഫീസർ